(ബി) കോട്ടയം ജില്ലയിലും മറ്റും തെറ്റായി ബോയൻ എന്നറിയപ്പെട്ടിരുന്നവർ ഇതര ജില്ലകളിൽ ഒഡ്ഡൻ, ഒഡ്ഡനായ്ക്കൻ, നായ്ക്കൻ, മണ്ണോഡൻ തുടങ്ങിയ ജാതിപ്പേരുകളിലാണ് അറിയപ്പെടുന്നത്.

(സി) ഉണ്ട്. 'ബോയൻ' സമുദായത്തിന് അയിത്താചരണത്തിന്റെ പരിണിത ഫലമായുള്ള സാമൂഹ്യ വിദ്യാഭ്യാസ പിന്നോക്കാവസ്ഥയില്ല എന്ന് കണ്ടെത്തിയതിനെ തുടർന്നാണ് 2002 വരെ പട്ടികജാതി ലിസ്റ്റിൽ ഉണ്ടായിരുന്ന ബോയൻ സമുദായത്തെ പ്രസ്തുത ലിസ്റ്റിൽനിന്നും ഒഴിവാക്കിയത്.

പോസ്റ്റ് മെട്രിക് ബോയ്സ് ഹോസ്റ്റലിലെ വാച്ച്മാൻ തസ്തിക

256 (4542) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-2002-ൽ നിർത്തൽ ചെയ്ത പോസ്റ്റ് മെട്രിക്ക് ബോയ്സ് ഹോസ്റ്റലിലെ വാച്ച്മാൻ തസ്തിക പുനഃസ്ഥാപിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എവിടെയൊക്കെ പുനഃസ്ഥാപിച്ചിട്ടുണ്ട്? കണ്ണൂർ - കാസർഗോഡ് ജില്ലകളിൽ ഇപ്പോൾ ഈ തസ്തിക നിലവിലില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ സ്ഥിരം റസിഡന്റ് ട്യൂട്ടർമാർ ഇല്ലാത്തതുകൊണ്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? സ്ഥിരം ആർ.ടി. തസ്തിക അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ നിർത്തൽചെയ്ത വാച്ച്മാൻ തസ്തികകൾ പുനഃസ്ഥാപിച്ചിട്ടില്ല. കണ്ണൂർ - കാസർഗോഡ് ജില്ലകളിൽ ഇപ്പോൾ വാച്ച്മാൻ തസ്തിക നിലവിലില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാച്ച്മാൻ നിലവിലില്ലാത്ത പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ സെക്യൂരിറ്റി സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. നിലവിൽ റസിഡന്റ് ട്യൂട്ടർമാരെ ഓണറേറിയം വ്യവസ്ഥയിലാണ് നിയമിക്കുന്നത്. ഓണറേറിയം തുക കുറവായതിനാൽ പല ഹോസ്റ്റലുകളിലും റസിഡന്റ് ട്യൂട്ടർമാരെ ലഭിക്കുന്നതിന് ബുദ്ധിമുട്ടുള്ള സ്ഥിതിയാണ്. ആയതിനാൽ പട്ടികജാതി വികസന ഓഫീസർക്ക് റസിഡന്റ് ട്യൂട്ടറുടെ അധികച്ചുമതല വഹിക്കേണ്ടതായി വരുന്നു. റസിഡന്റ് ട്യൂട്ടർ തസ്തികയിൽ മെച്ചപ്പെട്ട വേതനത്തിൽ സ്ഥിര നിയമനം നടത്തുന്നതിനുള്ള നിർദ്ദേശം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly